**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4715** **19-07-2022 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങൾക്ക് സൗജന്യ ലീഗൽ ഗൈഡൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ യുവജനങ്ങൾക്ക് സൗജന്യ ലീഗൽ ഗൈഡൻസ് നൽകുന്ന സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | സാമ്പത്തികവും സാമൂഹികവുമായി ഏറെ പിന്നാക്കം നിൽക്കുന്ന യുവജനങ്ങളിൽ നിയമ സഹായം ആവശ്യമുള്ളവർക്ക് ഒരു ടോൾഫ്രീ നമ്പരിലൂടെ സൗജന്യ നിയമസഹായം നൽകുന്നതിനുവേണ്ടി കേരള സംസ്ഥാന യുവജന കമ്മീഷൻ ആരംഭിച്ച പദ്ധതിയാണ് "യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ". പ്രസ്തുത ടോൾഫ്രീ നമ്പർ ഐ & പി ആർ ഡി മുഖേനയും, കമ്മീഷന്റെ ഫെയ്സ് ബുക്ക് പേജ് മുഖേനയും, KSRTC ബസുകൾ മുഖേനയും പരസ്യം നൽകി സംസ്ഥാനത്തുടനീളം പ്രചരിപ്പിച്ചിട്ടുണ്ട്. സൗജന്യ നിയമസഹായം നൽകുന്നതിനായി രണ്ട് പേരടങ്ങുന്ന നിയമ വിദഗ്ധരുടെ പാനൽ രൂപീകരിച്ച് ആയതിന്റെ പ്രവർത്തനം 2019-20 സാമ്പത്തിക വർഷം മുതൽ സജ്ജമാക്കിയിട്ടുണ്ട്. ലീഗൽ അഡ്വൈസർമാരെയും ടോൾഫ്രീ നമ്പറായ '7511100900'-നെയും ബന്ധിപ്പിക്കുന്നതിന് ഒരു പ്ലാറ്റ്ഫോമും ഡെവലപ്പ് ചെയ്തിട്ടുണ്ട്. ടോൾഫ്രീ നമ്പർ ടി പ്ലാറ്റ്ഫോമുമായി ലിങ്ക് ചെയ്ത് നിയമ വിദഗ്ധരുടെ സേവനം നിരന്തരം ലഭ്യമാക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ